# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.21 | 09/03/2015 ൽ മറുപടിക്ക് |
|---|---|

### ബാർ കോഴക്കേസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.കൃഷ്ണൻ<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>ശ്രീ.എളമരം കരീം<br>ശ്രീമതി.പി.അയിഷാ പോറ്റി | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും<br>വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ബാർ കോഴക്കേസിൽ ഉന്നയിക്കപ്പെട്ട അഴിമതി പുറത്തുകൊണ്ടുവരാൻ വിജിലൻസ് വകുപ്പിന് സാധിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ ; | (എ) | കേസ്സിന്റെ അന്വേഷണം പുരോഗതിയിലാണ്. ടി കേസ്സിന്റെ അന്വേഷണം തുറന്ന മനസ്സോടെയും വസ്തു നിഷ്ഠമായുമാണ് നടത്തുന്നത്. |
| (ബി) | അന്വേഷണ ഏജൻസി കൂടുതൽ ശ്രദ്ധയോടെയും ജാഗ്രതയോടെയും അന്വേഷണം നടത്തണമെന്നും വിശ്വാസ്യത നിലനിർത്താൻ ഭയമോ പ്രീതിയോ കൂടാതെ അന്വേഷിക്കണമെന്നും കേരള ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ച് നിർദ്ദേശിച്ചിട്ടുണ്ടോ ; എങ്കിൽ ഇത് പാലിക്കാൻ തയ്യാറാകുമോ ; | (ബി) | ഉണ്ട്. സത്യസന്ധമായും വസ്തു നിഷ്ഠമായും, ഭയമോ ഭീതിയോ കൂടാതെയുമാണ് അന്വേഷണം നടത്തുന്നത്. |
| (സി) | ആരോപണവിധേയരായവരെ സംരക്ഷിക്കുന്ന തരത്തിലുള്ളതായി പറയപ്പെടുന്ന പ്രസ്താവനകൾ, അന്വേഷണ ഏജൻസിയെ സ്വാധീനിക്കുന്നതായി അറിയാമോ; | (സി) | നിഷ്പക്ഷമായും സത്യസന്ധമായും കേസ് അന്വേഷിച്ചു വരുന്നു. കേസ്സന്വേഷണത്തിൽ യാതൊരുവിധ സ്വാധീനമോ ഇടപെടലോ ഇല്ല. |
| (ഡി) | പ്രസ്തുത കേസിൽ അന്വേഷണ ഉദ്യോഗസ്ഥരെ സമ്മർദ്ദത്തിലാക്കുന്നതായി ഏതെല്ലാം ആക്ഷേപങ്ങൾ ഉയർന്നുവന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ഡി) | അത്തരം ആക്ഷേപമൊന്നുമില്ല. കേസ്സന്വേഷണം യാതൊരുവിധ സമ്മർദ്ദത്തിനോ ബാഹ്യ ഇടപെടലിനോ അവസരം നൽകാതെയാണ് നടത്തുന്നത് |
| (ഇ) | അന്വേഷണ ഏജൻസിയുടെ മുമ്പാകെ സത്യം പറയാതിരിക്കാൻ ബാറുടമകളുടെ മേൽ ഭരണതലത്തിലുള്ളവരുടെ സമ്മർദ്ദം ഉണ്ടായതായുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ആഫീസർ